# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:26.06.2025**

### പ്രധാനവാർത്തകൾ

1) ചരിത്രനേട്ടത്തിലൂടെ ഇന്ത്യക്ക് അഭിമാനമായി ശുഭാംശു ശുക്ല. ആക്സിയം- 4 യാത്രികർ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ പ്രവേശിച്ചു.
2) സംസ്ഥാനത്ത് അതിതീവ്രമഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. ഇടുക്കി , മലപ്പുറം , വയനാട് ജില്ലകളിൽ ചുവപ്പ് ജാഗ്രത. മലയോര മേഖലകളിൽ പ്രത്യേക ജാഗ്രതാ നിർദ്ദേശം. നദികളിൽ ജലനിരപ്പുയരുന്നു
3) നിലമ്പൂർ എംഎൽഎ ആയി ആര്യാടൻ ഷൗക്കത്ത് നാളെ സത്യപ്രതിജ്ഞ ചെയ്യും.
4) വിദ്യാർത്ഥികൾ ലഹരി ഉപയോഗിക്കുന്നതായി സംശയം തോന്നിയാൽ അധ്യാപകർക്ക് ബാഗുകൾ സഹിതം പരിശോധിക്കാമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നോ ടു ഡ്രഗ് ക്യാമ്പയിൻ അഞ്ചാം ഘട്ടത്തിന് സംസ്ഥാനത്ത് തുടക്കം.

RNU TVPM

5) 2024 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കെ വി രാമകൃഷ്ണനും, ഏഴാച്ചേരി രാമചന്ദ്രനും അക്കാദമി വിശിഷ്ടാംഗത്വം.

6) സംസ്ഥാന പൊലീസ് മേധാവി സ്ഥാനത്തേക്ക് മൂന്ന് പേരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കി UPSC.

&&&&&&&&&&&&&&&&&&

## ആക്സിയം 4

ചരിത്രനേട്ടത്തിലൂടെ ഇന്ത്യക്ക് അഭിമാനമായി ശുഭാംശു ശുക്ല. ആക്സിയം 4 ദൗത്യത്തിന്റെ ഭാഗമായ ശുഭാംശു ശുക്ല അടക്കമുള്ള നാല് യാത്രികർ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ പ്രവേശിച്ചു. വൈകുന്നേരം നാല് മണിയോടെയാണ് ഡ്രാഗൺ പേടകം ബഹിരാകാശ നിലയത്തിൽ വിജയകരമായി ഡോക്ക് ചെയ്തത്. ഇതാദ്യമായാണ് ഒരു ഇന്ത്യൻ യാത്രികൻ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തുന്നത്. രാകേഷ് ശർമയ്ക്ക് ശേഷം, നാല് പതിറ്റാണ്ടുകൾക്കിപ്പുറം ബഹിരാകാശത്തെത്തുന്ന ആദ്യ ഇന്ത്യക്കാരൻ കൂടിയാണ് ശുഭാൻശു. ഇന്ത്യൻ വ്യോമസേനയിലെ ഗ്രൂപ്പ് ക്യാപ്റ്റനായ ശുഭാൻശു ശുക്ല, ആക്സിയം-4 ദൗത്യത്തിന്റെ മിഷൻ പൈലറ്റാണ്. 14 ദിവസത്തെ പര്യവേഷണത്തിനായാണ് ആക്സിയം 4 ദൗത്യ സംഘം ബഹിരാകാശ നിലയത്തിലെത്തിയത്.

RNUTVPM

&&&&&&&&&&&&&&&&&&

**മഴ-ജനറൽ**

സംസ്ഥാനത്ത് അതിതീവ്രമഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. ഇടുക്കി , മലപ്പുറം , വയനാട് ജില്ലകളിൽ ചുവപ്പ് ജാഗ്രത. പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. മലയോര മേഖലകളിൽ കനത്ത ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മിക്ക നദികളിലെയും ജലനിരപ്പ് ഉയരുകയാണ്. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. അപകട സാധ്യത കണക്കിലെടുത്ത് നിരവധി പേരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി. ഇടുക്കി ജില്ലയിലെ പൊന്മുടി, കല്ലാർകുട്ടി, ലോവർ പെരിയാർ, മലങ്കര അണക്കെട്ടുകളും കണ്ണൂരിലെ പഴശ്ശി ഡാം, പത്തനംതിട്ടയിലെ മൂഴിയാർ ഡാം, തൃശൂർ പെരിങ്ങൽകുത്ത് തുടങ്ങിയവ തുറന്നിട്ടുണ്ട്. വയനാട് ബാണാസുരസാഗർ അണക്കെട്ട് നാളെ രാവിലെ തുറക്കും. കോഴിക്കോട് കക്കയം ഡാമിലും റെഡ് അലർട്ട് നൽകിയിട്ടുണ്ട്. എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചു. കേരള,

RNUTVPM

കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

വയനാട് മഴ (ഇൻട്രോ)

വയനാട് ജില്ലയിൽ കനത്ത മഴ തുടരുകയാണ്. ജില്ലയിലെ മിക്ക നദികളും കരകവിഞ്ഞ് ഒഴുകുന്നു. നിരവധി കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു. ജില്ലയിൽ വിനോദ സഞ്ചാരത്തിന് ഉൾപ്പെടെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്.**

(വോയിസ്)

RNUTVPM

&&&&&&&&&&&&&&&&&&

റെഡ് അലെർട്ട് ഇടുക്കി (ഇൻട്രോ)

ഇടുക്കി ജില്ലയിൽ വൈകുന്നേരത്തോടെ മഴയ്ക്ക് നേരിയ ശമനം. പ്രധാന നദികളിലും ഡാമുകളിലും ജലനിരപ്പ് ഉയർന്ന അളവിൽ തുടരുകയാണ്. മുല്ലപ്പെരിയാറിൽ 134.15 അടിയും ഇടുക്കിയിൽ 2356.06 അടിയുമാണ് ജലനിരപ്പ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...

(ഹോൾഡ്)

&&&&&&&&&&&&&&&&&&

**മലപ്പുറം (ഇൻട്രോ)**

മലപ്പുറം ജില്ലയിലും വ്യാപക മഴ തുടരുകയാണ്. മലയോര തീരദേശ മേഖലകളിൽ കനത്ത മഴയാണ് പെയ്യുന്നത്. പുഴകളിൽ ജലനിരപ്പ് ഉയരുന്നുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു.**

**(വോയിസ്)**

RNU TVPM

&&&&&&&&&&&&&&&&&&

**കണ്ണൂർ -മഴക്കെടുതി**

കണ്ണൂർ ജില്ലയിൽ പരക്കെ കനത്ത മഴ തുടരുന്നു . ഇന്നലെയും ഇന്നുമായി നാലു വീടുകൾ തകർന്നു. കടലിൽ വീണ് ഒരാളെ കാണാതായിട്ടുണ്ട്. മലയോരമേഖലകളിൽ മഴയുടെ തീവ്രത രൂക്ഷമാണ്. ശക്തമായ കടലേറ്റവും അനുഭവപ്പെടുന്നുണ്ട്.

&&&&&&&&&&&&&&&&&&

**കനത്ത മഴ: അടിയന്തര യോഗം**

കനത്ത മഴയെ തുടർന്ന് മൂവാറ്റുപുഴയാറിലെ ജലനിരപ്പ് അപകടനില പിന്നിട്ട സാഹചര്യത്തിൽ മുൻ കരുതൽ നടപടികൾ വിലയിരുത്താൻ എറണാകുളം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അടിയന്തര യോഗം ചേർന്നു. മലങ്കര ഡാമിന്റെ ഷട്ടറുകൾ തുറന്നതോടെയാണ് മൂവറ്റുപുഴയിലേയും, തൊടുപുഴയിലേയും ജലനിരപ്പ് അപകട നില പിന്നിട്ടത്. കനത്ത മഴയിൽ ജില്ലയിലെ നദികളിൽ ജലനിരപ്പ് ഉയരുകയാണ്. ആലുവ ശിവക്ഷേത്രം പൂർണമായും മുങ്ങി.

&&&&&&&&&&&&&&&&&&

RNU TVPM

**സത്യപ്രതിജ്ഞ**

നിലമ്പൂർ എംഎൽഎ ആയി ആര്യാടൻ ഷൗക്കത്ത് നാളെ സത്യപ്രതിജ്ഞ ചെയ്യും. നിയമസഭാ മന്ദിരത്തിലെ

ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വൈകുന്നേരം 3.30 ന് സ്പീക്കർ മുമ്പാകെയാണ് സത്യപ്രതിജ്ഞ. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ 11,000-ലേറെ വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് യു ഡി എഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് വിജയിച്ചത്.

&&&&&&&&&&&&&&&&&&

**വിദ്യാർത്ഥികൾ ലഹരി ഉപയോഗിക്കുന്നു സംശയം**

വിദ്യാർത്ഥികൾ ലഹരി ഉപയോഗിക്കുന്നു എന്ന് സംശയം തോന്നിയാൽ അധ്യാപകർക്ക് ബാഗുകൾ സഹിതം പരിശോധിക്കാമെന്നും ഒരു സമിതിയും അതിന് എതിരാകില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.

അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനചാരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി., ' NO TO DRUG ' അഞ്ചാം ഘട്ട പരിപാടിയ്ക്കും സംസ്ഥാനത്ത് തുടക്കമായി.

കുട്ടികളെ നേർവഴിക്ക് നയിക്കേണ്ട രക്ഷകർത്താക്കൾ ലഹരിയിൽ നിന്ന് പൂർണ്ണമായും വിട്ടുനിൽക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&&&

RNUTVPM

## സാഹിത്യ അക്കാദമി പുരസ്കാരം

2024 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കെ വി രാമകൃഷ്ണനും, ഏഴാച്ചേരി രാമചന്ദ്രനുമാണ് അക്കാദമിയുടെ വിശിഷ്ടാംഗത്വം . പി കെ എൻ പണിക്കർ, പയ്യന്നൂർ കുഞ്ഞിരാമൻ, എം എം നാരായണൻ, പി കെ ഗംഗാധരൻ, കെ ഇ എൻ, മല്ലികാ യൂനിസ് എന്നിവർക്ക് സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം ലഭിച്ചു. ജി ആർ ഇന്ദുഗോപൻറെ ആനോ മികച്ച നോവലായും, അനിതാ തമ്പിയുടെ മുരിങ്ങ വാഴ

കറിവേപ്പിനാണ് കവിതാ വിഭാഗത്തിൽ പുരസ്കാരം. മികച്ച ചെറുകഥയ്ക്കുള്ള പുരസ്കാരം വി ഷിനിലാലിൻറെ ഗരിസപ്പ അരുവി - അഥവാ ഒരു ജലയാത്രയ്ക്ക് ലഭിച്ചു.

&&&&&&&&&&&&&&&&&&

## പൊലീസ് മേധാവി

സംസ്ഥാനത്തെ പുതിയ പൊലീസ് മേധാവി സ്ഥാനത്തേക്ക് മൂന്ന് പേരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കി. നിതിൻ അഗർവാൾ, റാവഡ ചന്ദ്രശേഖർ, യോഗേഷ് ഗുപ്ത എന്നിവരാണ് പട്ടികയിൽ ഇടം പിടിച്ചത്. ഇന്ന് ചേർന്ന യു പി എസ് സി യോഗമാണ് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നാല് പേരിൽ നിന്ന് മൂന്ന് പേരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയത്. പട്ടികയിൽ നാലാമനായിരുന്ന മലയാളി മനോജ് എബ്രഹാമിൻറെ പേര് യു പി എസ് സി പരിഗണിച്ചില്ല. ഈ മാസം 30നാണ് ഷെയ്ക്ക് ദർവേഷ് സാഹിബ്, സംസ്ഥാന പൊലീസ് മേധാവി സ്ഥാനത്ത് നിന്ന് വിരമിക്കുന്നത്.

RNU TVPM

&&&&&&&&&&&&&&&&&&

## ഭാരതാംബ മുഖ്യമന്ത്രി

ഭാരതാംബ വിവാദവുമായി ബന്ധപ്പെട്ട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർക്ക് മുഖ്യമന്ത്രി പിണറായി വിജയൻ കത്തയച്ചു. ഔദ്യോഗിക പരിപാടികളിൽ ഇത്തരം

ബിംബങ്ങൾ ഉപയോഗിക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് കത്തിൽ പറയുന്നു. ഭരണഘടന അനുശാസിക്കുന്ന ചിഹ്നങ്ങളും കൊടികളുമാണ് ഇത്തരം പരിപാടികളിൽ ഉണ്ടാകേണ്ടതെന്നും മുഖ്യമന്ത്രി ഗവർണറെ അറിയിച്ചു. രാജ്ഭവനിൽ നിന്ന് ഭാരതാംബയുടെ ചിത്രം മാറ്റില്ലെന്ന തീരുമാനം ഗവർണർ കൈക്കൊണ്ടതോടെയാണ് മുഖ്യമന്ത്രി കത്തയച്ചത്.

&&&&&&&&&&&&&&&&&&

**സ്വകാര്യ ബസ് സമരം.**

വിദ്യാർത്ഥികളുടെ കൺസഷൻ നിരക്ക് കൂട്ടണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാനത്ത് അടുത്ത മാസം 8 ന് സ്വകാര്യ ബസ് സമരം. ജൂലൈ 22 മുതൽ അനിശ്ചിതകാല സമരം നടത്തുമെന്നും ബസുടമകൾ അറിയിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&

**പകർച്ചവ്യാധി**

സംസ്ഥാനത്ത് മഴ തുടരുന്ന സാഹചര്യത്തിൽ പകർച്ചവ്യാധികൾക്കെതിരെ ജാഗ്രത തുടരണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. എലിപ്പനി സാധ്യത കണക്കിലെടുത്ത് മണ്ണുമായും മലിനജലവുമായും

ഇടപെടുന്നവർ ഡോക്സിസൈക്ലിൻ കഴിക്കണമെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&

**അഖിലലോക അയ്യപ്പ ഭക്ത സംഗമം**

ശബരിമലയുടെ ചരിത്രത്തിൽ ഇതാദ്യമായി സംസ്ഥാന സർക്കാറിന്റെ ആഭിമുഖ്യത്തിൽ അഖില ലോകഅയ്യപ്പ ഭക്തരുടെ സംഗമം സെപ്റ്റംബർ ആരംഭത്തിൽ പമ്പയിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചതായി മന്ത്രി വി എൻ വാസവൻ. ശബരിമല തീർത്ഥാടന മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി വിളിച്ചുചേർത്ത ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. മുഖ്യമന്ത്രിക്കൊപ്പം ലോകത്തിന്റെ വിവിധ ഭാഗത്തുനിന്നുള്ള പ്രശസ്ത വ്യക്തികളും സംഗമത്തിൽ പങ്കാളികളാകുമെന്നും മന്ത്രി വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&